കേരള സർക്കാർ

<u>സംഗ്രഹം</u>

വനം - വന്യജീവി വകുപ്പ് - റബ്ബർ തടിയുടെയും റബ്ബർ വിറകിൻെറയും സീനിയറേജ് നിരക്ക് പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

വനം - വന്യജീവി (ഡി) വകുപ്പ്

സ.ഉ. (എം.എസ്) നം. 06/2011/വനം    തിരുവനന്തപുരം, തീയതി : 07-02-2011.

==========================================================

പരാമർശം : 1. 3-5-2010 ലെ (എം.എസ്) 15/10/വനം നമ്പർ സർക്കാർ ഉത്തരവ്.

2. റബ്ബർ തടിയുടെയും വിറകിൻെറയും വർദ്ധിപ്പിച്ച സീനിയറേജ് നിരക്കുകൾ കുറയ്ക്കണമെന്ന ആവശ്യത്തിന്മേൽ വനം വന്യജീവി വകുപ്പ് സെക്രട്ടറി 16-9-2010 ന് തൊഴിലാളി പ്രതിനിധികളുമായി നടത്തിയ യോഗത്തിൻെറ നടപടിക്കുറിപ്പ്.

3. സംരക്ഷണ വിഭാഗം മുഖ്യവനപാലകൻെറ 29-11-2010 ലെ പ്രോ 5-4125/10 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം റബ്ബർ തടിയുടെ സീനിയറേജ് നിരക്ക് ക്യൂ. മീറ്ററിന് 1710 രൂപയായും റബ്ബർ വിറകിന് മെട്രിക് ടണ്ണിന് 725 രൂപയുമായി പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്കുകളിലുണ്ടായ വർദ്ധന മൂലം തോട്ടങ്ങളിൽ നിന്നും റബ്ബർ തടി ലേലത്തിലെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിച്ച സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത ഇല്ലാതാകുന്ന സാഹചര്യത്തിലേയ്ക്ക് നയിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വനം വന്യജീവി വകുപ്പ് സെക്രട്ടറി 16-9-2010 ന് തൊഴിലാളി പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റബ്ബർ തടിയുടെയും വിറകിൻെറയും സീനിയറേജ് നിരക്കുകൾ കൂടുതൽ പഠനത്തിന് വിധേയമാക്കുന്നതിന് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടു.

............2

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റബ്ബർ തടിയുടെയും വിറകിൻെറയും സീനിയറേജ് നിരക്ക് പുനർനിർണ്ണയം ചെയ്യാൻ സംരക്ഷണ വിഭാഗം സി.സി.എഫ് പരാമർശം 3 ലെ കത്ത് പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

റബ്ബർ തടിയുടെ സീനിയറേജ് നിരക്ക് ക്യൂ.മീറ്ററിന് 1710/- രൂപയിൽ നിന്നും 908/- രൂപയായും റബ്ബർ വിറകിൻെറ സീനിയറേജ് നിരക്ക് മെട്രിക് ടണ്ണിന് 725/- രൂപയിൽ നിന്നും 476/- രൂപയുമായി പുനർനിർണ്ണയം നടത്താനാണ് സംരക്ഷണ വിഭാഗം സി.സി.എഫ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3 ലെ കത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി റബ്ബർ തടിയുടെ സീനിയറേജ് നിരക്ക് ക്യൂബിക് മീറ്ററിന് നിലവിലെ നിരക്കായ 1710 രൂപയിൽ നിന്നും 908/- രൂപയായും റബ്ബർ വിറകിൻെറ സീനിയറേജ് നിരക്ക് മെട്രിക് ടണ്ണിന് 725/- രൂപയിൽ നിന്നും 476/- രൂപയുമായും പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സാജൻ പീറ്റർ,
പ്രിൻസിപ്പൽ സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Vide U.O. No.2861/ AWA1/11/Fin dated 01-02-2011.)
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.